**കേരള സർക്കാർ**

## സംഗ്രഹം

കേരള പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് താല്ക്കാലിക/തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ - തുക അനുവദിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ധനവിനിയോഗാധികാര പരിധി പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട്) വകുപ്പ്**

സ.ഉ.(അച്ചടി) നം.37/2018/ധന. തീയതി, തിരുവനന്തപുരം, 13/03/2018

---

പരാമർശം:-
1. സ.ഉ.(പി) നം.127/2005/ധന. തീയതി 17.03.2005
2. സ.ഉ.(പി) നം.57/2015/ധന. തീയതി 02.02.2015
3. സ.ഉ.(പി) നം.7/2016/ധന. തീയതി 20.01.2016

## ഉത്തരവ്

കേരള പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നും താല്ക്കാലിക/തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ - തുക അനുവദിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ധനവിനിയോഗാധികാര പരിധി നിശ്ചയിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 പ്രകാരം പത്താം ശമ്പള കമ്മീഷൻ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള സ്കെയിലും വർദ്ധിപ്പിക്കുകയുണ്ടായി. നിലവിലെ ഉത്തരവ് താല്ക്കാലിക/തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾക്ക് അനാവശ്യ താമസത്തിനും അസൗകര്യത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നും താല്ക്കാലിക/തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ - തുക അനുവദിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ധനവിനിയോഗാധികാര പരിധി പുനർ നിർണ്ണയിച്ച് പരാമർശം 1 ലെ "കേരള പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്" ചട്ടത്തിന്റെ ഉപചട്ടം 12 (16) താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | പിൻവലിക്കലുകളുടെ സ്വഭാവം (താല്ക്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | ഉയർന്ന പരിധി | |
|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | ഏറ്റവും താഴ്ന്ന വിഭാഗത്തിലുള്ള ഗസറ്റഡ് ഓഫീസർമാർ/പണം എഴുതിവാങ്ങിക്കൊടുക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ | (താല്ക്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | 25000 | 45000 |

| | | | | |
|---|---|---|---|---|
| 2 | ഉപജില്ല മേധാവി | (താല്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | 30000 | 55000 |
| 3 | ജില്ലാതല മേധാവി | (താല്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | 75000 | 135000 |
| 4 | മേഖല മേധാവി | (താല്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | 100000 | 175000 |
| 5 | വകുപ്പ് തലവന്മാർ | (താല്കാലിക പിൻവലിക്കൽ/ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ) | പരിധി ഇല്ല | പരിധി ഇല്ല |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മനോജ് ജോഷി**
പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ) കേരള, തിരുവനന്തപുരം.
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.